# അക്കാദമിക മാസ്റ്റർ പ്ളാൻ 2025

## വിദ്യാലയ വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി എൽ പി എസ് മൂക്കുതല

സ്കൂൾ കോഡ് : 19214

പഞ്ചായത്ത് : നന്നംമുക്ക്

ബ്ലോക്ക്പഞ്ചായത്ത് : പെരുമ്പടപ്പ്

ജില്ല : മലപ്പുറം

സബ് ജില്ല : എടപ്പാൾ

ക്ളസ്റ്റർ : ജി എൽ പി എസ് മൂക്കുതല

പ്രധാന അധ്യാപിക : ഗീത വി ആർ

എസ് ആർ ജി കൺവീനർ : ശ്രീലേഖ എ ജി

അധ്യാപകരുടെ എണ്ണം : 10

വിദ്യാർത്ഥികളുടെ എണ്ണം :196

പി ടി എ പ്രസിഡന്റ് : രഘു കെ വി

എടപ്പാൾ സബ് ജില്ലയിലെ നന്നംമുക്ക് പഞ്ചായത്തിലെ മൂക്കുതല ഗ്രാമത്തിൽ പ്രവർത്തിച്ചു വരുന്ന ജി എൽ പി സ്കൂളിൽ സമഗ്ര ശിക്ഷ വിദ്യാഭ്യാസത്തിന്റെ ഭാഗമായി 2025 _ 26 വർഷത്തിൽ പൊതു വിദ്യാഭ്യാസ ശക്തീകരണത്തിന്റ ഭാഗമായി നടത്തുന്ന തനത് പ്രവർത്തനങ്ങൾ

ഓരോ കുട്ടിയും ഭാഷയുടെ മൂല്യം ഉൾക്കൊണ്ട് ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ഭാഷയുടെ അടിസ്ഥാന ശേഷികൾ കൈവരിക്കുകയും ആസ്വദിക്കുകയും സർഗാത്മകത രചനയിലേക്ക് കുട്ടികളെ നയിക്കുന്നു

## ലക്ഷ്യം

**കുട്ടികളെ സ്വതന്ത്ര വായനയിലേക്കും രചനയിലേക്കും നയിക്കുന്നതിന്**

**പ്രീ പ്രൈമറി മുതൽ 4 ക്ലാസ് വരെയുള്ള കുട്ടികളുടെ ഭാഷ ശേഷിയും സർഗാത്മകത ശേഷിയും വളർത്തുന്നതിന്**

**കുട്ടികളിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുന്നതിന്**

## പ്രവർത്തനം

**ആണ്ടോളം നീണ്ട വായന**

**Spark spot**

## കാലയളവ്

**ജൂൺ  മുതൽ മാർച്ച് വരെ**

## പ്രവർത്തന ഘട്ടങ്ങൾ

**വായന കാർഡ് _ ജൂലൈ & ആഗസ്ത്**

**പത്രവാർത്ത വായന _ സെപ്തംബർ & ഓക്ടോബർ**

**വായനനുബന്ധ പ്രവർത്തനങ്ങൾ _ നവംബർ & ഡിസംബർ**

**ലൈബ്രറി പുസ്തകങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ _ ജനുവരി , ഫെബ്രുവരി & മാർച്ച്**

## ഘട്ടം 1 - വായന കാർഡ് [ ജൂലൈ & ആഗസ്ത് ]

ഓരോ ക്ലാസ് മുറിയിലും വായനക്കൊട്ട സജ്ജീകരിച്ചിട്ടുണ്ട്. ഓരോ കുട്ടിയുടെ വീട്ടുകളിൽ നിന്ന് വായിച്ചു തീർന്ന പുസ്തകങ്ങൾ വായനക്കൊട്ടയിലേക്ക് നിക്ഷേപിക്കാം. ഫ്രീ പീരിഡുകളിൽ വായനക്കൊട്ടയിലെ പുസ്തകങ്ങൾ കുട്ടികൾ പരസ്പരം വായിച്ചു കൊടുക്കുന്നു.

സ്കൂളിലെ മുഴുവൻ അധ്യാപകരുടേയും രക്ഷിതാക്കളുടേയും സഹായത്തോടെ പരമാവധി വായനക്കാർഡുകൾ സംഘടിപ്പിക്കുന്നു. അവ കുട്ടികളെ കൊണ്ട് വായിപ്പിക്കാനുള്ള അവസരം നൽകുന്നു . നവ മാധ്യമ കൂട്ടായ്മകളും പ്രയോജനപ്പെടുത്തുന്നു.

## ഘട്ടം 2 - പത്രവാർത്ത വായന [ സെപ്തംബർ & ഓക്ടോബർ ]

പത്ര വാർത്ത നോട്ടുബുക്കിൽ  ദിവസവും എഴുതുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിക്കുന്നു. സ്കൂൾ അസംബ്ളിയിലും വായിപ്പിക്കുന്നു. വായിച്ച വാർത്തകളുടെ അടിസ്ഥാനത്തിൽ ചോദ്യോത്തര പയറ്റുകൾ പോലെയുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

## ഘട്ടം 3 - വായനനുബന്ധ പ്രവർത്തനങ്ങൾ _ നവംബർ & ഡിസംബർ

തലക്കെട്ടുകൾ നൽകാം , കഥാപാത്രങ്ങൾ ആരെല്ലാം , വായിച്ച പുസ്തകത്തിലെ ആശയം കണ്ടെത്താം ,

കഥ പൂർത്തിയാക്കാം വരികൾ കൂട്ടിച്ചേർക്കാം എന്നി പ്രവർത്തനങ്ങൾ കുട്ടികളുടെ നലവാരത്തിനനുസരിച്ച് നൽകുന്നു

## ഘട്ടം 4 - ലൈബ്രറി പുസ്തകങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ [ ജനുവരി , ഫെബ്രുവരി & മാർച്ച് ]

ലൈബ്രറി പുസ്തകങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്ന വിധം പുസ്തകങ്ങൾ വായിച്ച് പുസ്തക പരിചയക്കുറിപ്പുകൾ , വായനക്കുറിപ്പുകൾ എന്നീ എഴുതി കുട്ടികളുടെ സ്വന്തം കൈയെഴുത്ത് മാസികകൾ പ്രകാശിപ്പിക്കുന്നു.

## Spark spot

ഓരോ ദിവസവും ഓരോ ക്ലാസിലും നടത്തിയ സ്പെഷ്യൽ പരിപാടികളെക്കുറിച്ച് കുട്ടികൾ എഴുതി തയ്യാറാക്കിയ റിപ്പോർട്ട് ഓഫീസിന്റെ മുന്നിലെ സ്പാർക്ക് സ്പോട്ടിൽ പ്രദർശിപ്പിക്കുന്നു.